(24) പായിപ്പാട്, മാടപ്പള്ളി പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം

ശ്രീ. സി.എഫ്. തോമസ് : സർ, ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പായിപ്പാട് മാടപ്പള്ളി പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികളുടെ നിർമ്മാണ ജോലികൾക്ക് വലിയ കാലതാമസമുണ്ടാകുന്നു. പായിപ്പാട് പഞ്ചായത്തിൽ ഒരു ഓവർഹെഡ് ടാങ്ക് നിർമ്മിച്ചിട്ട് അനേകം വർഷങ്ങൾ കഴിഞ്ഞു. ഇതിന്റെ ഇന്റർകണക്ഷനുള്ള പൈപ്പ് ഇതുവരെ ഇട്ടിട്ടില്ല. മാടപ്പള്ളി പഞ്ചായത്തിനുകൂടി പ്രയോജനം കിട്ടത്തക്കരീതിയിൽ മാടപ്പള്ളി, വാകത്താനം കറുകച്ചാൽ പദ്ധതിയുടേയും പണി തുടങ്ങിയിട്ട് ഏഴ്-എട്ട് മാസങ്ങൾ കഴിഞ്ഞു. ഇവയുടെ നിർമ്മാണ ജോലികൾ വളരെ സാവധാനമാണ് നീങ്ങുന്നത്. ഈ രണ്ട് പദ്ധതികളുടെയും നിർമ്മാണം ത്വരിതപ്പെടുത്തണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽപ്പെട്ട പായിപ്പാട് ശുദ്ധജലവിതരണ പദ്ധതിയുടെ ഓവർഹെഡ്ഡ് ടാങ്കിന്റെ പണിയും മറ്റ് ഇന്റർകണക്ഷൻ ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്. കൊച്ചുപള്ളിയിലെ ടാങ്കിലേയ്ക്ക് വെള്ളം പമ്പുചെയ്യുന്നതിനാവശ്യമായ പമ്പ്സെറ്റുകൾ മൂന്ന് കിലോമീറ്റർ ദൂരെയുള്ള തൃക്കൊടിത്താനം പമ്പ്ഹൗസിൽ സ്ഥാപിക്കുകയും ട്രയൽ റൺ നടത്തുകയും ചെയ്തുവെങ്കിലും പമ്പിംഗ്മെയിനിലെ തകരാറുമൂലം പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് 6.8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ വിളിച്ചുകഴിഞ്ഞു. മൂന്നുമാസത്തിനുള്ളിൽ പണി പൂർത്തീകരിച്ച് പായിപ്പാട് ശുദ്ധജലവിതരണ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുകയാണ്. ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ മാടപ്പള്ളി, വാകത്താനം, കറുകച്ചാൽ, പഞ്ചായത്തുകൾക്കുവേണ്ടിയുള്ള പദ്ധതികളുടെ പണികൾ 75 ശതമാനവും പൂർത്തിയായി. കറുകച്ചാൽ പഞ്ചായത്തിൽ പണിയാനുദ്ദേശിച്ചിട്ടുള്ള ഓവർഹെഡ് ടാങ്കിന്റേയും ഗ്രൗണ്ട്ലെവൽ ടാങ്കിന്റേയും പണികൾ സ്ഥലത്തിന്റെ തർക്കംമൂലം മുടങ്ങിക്കിടക്കുകയാണ്. സ്ഥലം അക്വയർ ചെയ്ത് വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിനുവേണ്ടി കറുകച്ചാൽ പഞ്ചായത്ത് അധികൃതർ റവന്യൂവകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാക്കി രണ്ടായിരാമാണ്ടോടുകൂടി പണിപൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(25) മൂവാറ്റുപുഴ മാർക്കറ്റ് അടച്ചിട്ടിരിക്കുന്നത് സംബന്ധിച്ച്

ശ്രീ. ജോണി നെല്ലൂർ : സർ, തൊഴിലാളി സംഘടനകളും വ്യാപാരികളും തമ്മിലുള്ള തർക്കംമൂലം മൂവാറ്റുപുഴ മാർക്കറ്റ് സ്തംഭിച്ചിരിക്കുകയാണ്. ചുമട്ടുതൊഴിലാളി നിയമം നിലവിൽ വന്നിട്ടുള്ള ഒരു പ്രദേശമെന്നുള്ള നിലയിൽ അവിടെയൊരു കടയുടമ ഒരു തൊഴിലാളിയെ പുതിയതായി നിയമിക്കുകയും ആ തൊഴിലാളി പണിയെടുക്കാൻ ആരംഭിച്ചപ്പോൾ തൊഴിലാളി സംഘടനകൾ തടയുകയും ചെയ്തതിനെത്തുടർന്നാണ് മാർക്കറ്റ് സ്തംഭിച്ചിരിക്കുന്ന സാഹചര്യമുണ്ടായിരിക്കുന്നത്. മദ്ധ്യസ്ഥന്മാർ ഇടപെട്ട് ചില പ്രശ്നങ്ങൾ താൽക്കാലികമായി പരിഹരിച്ചെങ്കിൽപ്പോലും പല മേഖലയിലും ഇപ്പോൾ സംഘർഷം നിലനിൽക്കുകയാണ്. തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ഊർജ്ജസ്വലതയോടുകൂടി, കർമ്മനിരതനായി പ്രവർത്തിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായി മൂവാറ്റുപുഴയിൽ ഏതെങ്കിലും ഉയർന്ന ഉദ്യോഗ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥനെ വിട്ട് ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരമുണ്ടാക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, 1963-ലെ കേരള ചുമട്ടുതൊഴിലാളി നിയമം മൂവാറ്റുപുഴ മുനിസിപ്പൽ പ്രദേശത്ത് 1.1.1996-മുതൽ നടപ്പാക്കിയിട്ടുണ്ട്. ഒന്നിലധികം തൊഴിലുടമകൾക്കുവേണ്ടി ജോലി ചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽ ക്രമീകരണവും ക്ഷേമവുമാണ് ഈ പദ്ധതിയിൽ വിവക്ഷിച്ചിട്ടുള്ളത്. 380 തൊഴിലാളികൾ ഇവിടെ രജിസ്റ്റർ ചെയ്ത് തൊഴിൽ ചെയ്തുവരുന്നുണ്ട്. ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ മൂവാറ്റുപുഴ കമ്മിറ്റിയുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒന്നാം പൂളിൽപ്പെട്ട 128 തൊഴിലാളികളാണ് മൂവാറ്റുപുഴ മാർക്കറ്റ് പ്രദേശത്ത് വിവിധ തൊഴിലുടമകൾക്കുവേണ്ടി പണിയെടുക്കുന്നത്. മൂവാറ്റുപുഴ മുനിസിപ്പൽ പ്രദേശത്ത് അൺഅറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളെക്കൂടാതെ ചില കടകളിൽ ചട്ടം 26(എ) പ്രകാരം രജിസ്ട്രേഷൻ ലഭിച്ച അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളും ജോലി ചെയ്തുവരുന്നുണ്ട്. ചുമട്ടുതൊഴിലാളി ക്ഷേമനിധിബോർഡ് കമ്മിറ്റിയിൽ തൊഴിലുടമയായി രജിസ്റ്റർ ചെയ്തിട്ടുള്ള മൂവാറ്റുപുഴ മലേക്കുടി ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ 15.7.99-വരെ അറ്റാച്ച്ഡ് വിഭാഗത്തിൽപ്പെട്ട ഒരു തൊഴിലാളിയും പൂളിൽപ്പെട്ട തൊഴിലാളികളുമാണ് തൊഴിൽചെയ്തിരുന്നത്. എന്നാൽ ഈ സ്ഥാപനത്തിൽ വ്യാപാരം വർദ്ധിച്ചതിനെത്തുടർന്ന് 16.7.99-ന് മറ്റൊരു തൊഴിലാളിയെക്കൂടി ചട്ടമനുസരിച്ചുള്ള രജിസ്ട്രേഷൻ ലഭ്യമാക്കി അറ്റാച്ച്ഡ് തൊഴിലാളിയായി ഉടമ നിയമിച്ചു. നിലവിൽ ഒരു അറ്റാച്ച്ഡ് തൊഴിലാളിയുണ്ടായിരുന്ന പ്രസ്തുത സ്ഥാപനത്തിൽ ഒരാളെക്കൂടി തൊഴിലുടമ നിയമിച്ചപ്പോൾ പദ്ധതി വ്യവസ്ഥകളനുസരിച്ച് ജോലി ചെയ്യുന്ന തൊഴിലാളികൾ തങ്ങളുടെ തൊഴിൽ ലഭ്യതയിൽ കുറവുണ്ടാകുമെന്ന ആശങ്കയിൽ ജോലി ബഹിഷ്ക്കരിച്ചു. അതേത്തുടർന്ന് 1999 മുതൽ മറ്റെല്ലാ കടകളിലുമുള്ള കയറ്റിറക്കു ജോലികൾ മൂവാറ്റുപുഴയിലെ കടയുടമകൾ നിർത്തിവച്ചു. അതേസമയം 1999-ലെ സ്റ്റാറ്റസ്കോ നിലനിറുത്തിയാലെ ജോലിചെയ്യുകയുള്ളൂവെന്ന് തൊഴിലാളികൾ ശാഠ്യം പിടിച്ചിരിക്കുകയണ്. ഈ പ്രശ്നത്തിന് മൂവാറ്റുപുഴ മർച്ചന്റ്സ് അസോസിയേഷന്റേയും വിവിധ യൂണിയനുകളുടേയും പ്രതിനിധികളുമായും ക്ഷേമനിധി ഉദ്യോഗസ്ഥന്മാരുമായും ചർച്ച നടത്തിയെങ്കിലും ഫലമുണ്ടായിട്ടില്ല. 1999-ലെ സ്റ്റാറ്റസ്കോ നിലനിറുത്തിയാൽ തൊഴിലാളികൾ ജോലിചെയ്യാൻ തയ്യാറായിരുന്നുവെങ്കിലും പുതുതായിയെടുത്ത ആളെ ഒഴിവാക്കിയാലേ ഏറ്റെടുത്ത ജോലി നടത്തുകയുള്ളൂവെന്ന് മർച്ചന്റ്സ് അസോസിയേഷൻ ഉറച്ചു നിൽക്കുന്നു. അതേത്തുർന്ന് 18.7.99-ന് വൈകുന്നേരം നാലുമണിക്ക് മൂവാറ്റുപുഴ സർക്കിൾ ഇൻസ്പെക്ടർ, ഡിവൈ.എസ്.പി. എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയും പരാജയപ്പെടുകയാണുണ്ടായത്. ഈ സാഹചര്യത്തിൽ 19-ാം തീയതി രാവിലെ 11.00 മണിക്ക് മൂവാറ്റുപുഴ ആർ.ഡി.ഒ. യുടേയും മുനിസിപ്പൽ ചെയർമാന്റേയും സാന്നിദ്ധ്യത്തിൽ ക്ഷേമബോർഡ് ഉദ്യോഗസ്ഥന്മാർ, മർച്ചന്റ്സ് അസോസിയേഷൻ, യൂണിയൻ പ്രതിനിധികൾ എന്നിവരുമായി നടത്തിയ ചർച്ചയിൽ മലേക്കുടി ട്രേഡേഴ്സ് പുതുതായി നിയമിച്ച അറ്റാച്ച്ഡ് തൊഴിലാളിയെക്കൊണ്ട് തൽക്കാലം ജോലിചെയ്യിക്കേണ്ടതില്ലെന്നും മറ്റ് വ്യാപാര സ്ഥാപനങ്ങളിൽ സാധാരണരീതിയിൽ കയറ്റിറക്കുമതി ജോലി തടസ്സം കൂടാതെ നിർവഹിക്കുന്നതിനും തീർപ്പുണ്ടായി. മലേക്കുടി ട്രേഡേഴ്സ് പുതുതായി ഒരു തൊഴിലാളിയെ നിയമിച്ചതിൽ സംജാതമായിട്ടുണ്ടായിരുന്ന ഈ തർക്കം അന്തിമമായി ഒത്തുതീർപ്പാക്കുന്നതിന് 24.7.99-ന്

LIBRARY ARCHIVES Kerala Legislative Assembly

മൂവാറ്റുപുഴ ആർ.ഡി.ഒ. ബന്ധപ്പെട്ടവരുമായി വീണ്ടും ഒരു ചർച്ച നടത്തുന്നതാണ്.

(26) അപ്പോളോ ടയേഴ്സിന്റെ പേരാമ്പ്ര യൂണിറ്റിലെ ലോക്കൗട്ട്

ശ്രീ. കെ.പി. വിശ്വനാഥൻ : സർ, അപ്പോളോ ടയേഴ്സിന്റെ പേരാമ്പ്ര യൂണിറ്റ് 11.7.1999 മുതൽ മാനേജുമെന്റ് അന്യായമായി ലോക്കൗട്ട് ചെയ്തിരിക്കുകയാണ്. 1997 നവംബർ 16-ന് ദീർഘകാല കരാറിന്റെ കാലാവധി അവസാനിച്ചുകഴിഞ്ഞു. തുടർന്ന് ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയായിരുന്നു. ജൂലായ് 11,12 തീയതികളിൽ ചർച്ച പൂർത്തീകരിക്കാമെന്ന് മാനേജുമെന്റ് സമ്മതിച്ചിരിക്കുന്നതിനിടയിലാണ് 11-ാം തീയതി യാതൊരു മുന്നറിയിപ്പുംകൂടാതെ മാനേജുമെന്റ് കമ്പനി ലോക്കൗട്ട് ചെയ്തത്. 1600-ൽ അധികം തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനം അന്യായമായി ലോക്കൗട്ട് ചെയ്ത് പിൻവലിക്കാത്തതുകാരണം തൊഴിലാളികളും അവരുടെ കുടുംബങ്ങളും വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. അതുകൊണ്ട് എത്രയുംവേഗം ലോക്കൗട്ട് പിൻവലിക്കുന്നതിന് ഗവൺമെന്റ് മുൻകൈയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, അപ്പോളോ ടയേഴ്സ് 11.7.1999-ലാണ് ലോക്കൗട്ട് ചെയ്തത്. തൊഴിലാളികൾ അച്ചടക്കലംഘനം നടത്തിയതാണ് ലോക്കൗട്ട് ചെയ്യാനുള്ള കാരണമായി പറയുന്നത്. പേരാമ്പ്രയിൽ പ്രവർത്തിക്കുന്ന അപ്പോളോ ടയേഴ്സിന്റെ ദീർഘകാല കരാർ 1997 നവംബർ 17-ാം തീയതി അവസാനിച്ചതിനെത്തുടർന്ന് ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിനിടയിലാണ് അച്ചടക്കലംഘന ആരോപണം വന്നത്. 19.7.1999-ൽ ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ ചർച്ചയ്ക്ക് വിളിച്ചു. പ്രസ്തുത ചർച്ചാവേളയിൽ പ്രശ്നം പരിഹരിക്കാൻ കഴിയാത്തതിനെത്തുടർന്ന് ചർച്ച അടുത്ത ദിവസവും തുടരുകയും കരാറുകാരുടെ ദീർഘകാലമായിട്ടുള്ള തർക്കങ്ങൾ സംബന്ധിച്ച് ഒരു ധാരണയിലെത്തുകയും ചെയ്തു. ഇനി അവശേഷിക്കുന്ന പ്രശ്നം 1998-99-ലെ ബോണസ് തർക്കം മാത്രമാണ്. ഈ സാഹചര്യത്തിൽ 26.7.1999-ന് എറണാകുളത്തുവച്ച് അടിയന്തിരമായി ചർച്ചനടത്തുന്നുണ്ട്. പ്രസ്തുത ചർച്ചയിൽ തർക്കം പരിഹരിക്കപ്പെടുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

(27) ഒ.ഇ.സി.എഫ്.ന്റെ സഹായത്തോടെയുള്ള ശുദ്ധജല വിതരണപദ്ധതികൾ

ശ്രീ. എം. ദാസൻ : സർ, ഒ.ഇ.സി.എഫ്-ന്റെ സഹായത്തോടുകൂടി സംസ്ഥാനത്ത് നടപ്പിലാക്കുന്ന തിരുവനന്തപുരം, മീനാട്, ചേർത്തല, പട്ടുവം, കോഴിക്കോട് എന്നീ അഞ്ച് ശുദ്ധജലവിതരണ പദ്ധതികളുടെ പ്രവർത്തനങ്ങൾ വളരെ വേഗതയിൽ മുന്നോട്ടുകൊണ്ടുപോകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ പദ്ധതികൾ 2003-ൽ കമ്മീഷൻ ചെയ്യണമെന്നായിരുന്നു തീരുമാനിച്ചിരുന്നത്. 1787.45 കോടി രൂപയുടെ ഒ.ഇ.സി.എഫ്-ന്റെ സഹായത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കോഴിക്കോട് നഗരത്തിലും പരിസര പ്രദേശത്തുമുള്ള 15 പഞ്ചായത്തുകളിലുമായി 430.59 കോടി രൂപ ചെലവഴിച്ച് ഒരു ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നേരത്തേ അവിടെ

LIBRARY ARCHIVES Kerala Legislative Assembly